(സി) ബാക്കിവരുന്ന തുക ഉപയോഗിച്ച് പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്. എസ്.സി.പി./ടി.എസ്.പി പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ വകുപ്പു മേധാവികളുടെ അവലോകനയോഗം വിളിച്ചുകൂട്ടി ഇതു സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ട്.

ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടികളുടെ എണ്ണത്തിൽ കുറവ്

25 (808)ശ്രീ. ടി.കെ. ബാലൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ:
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു അദ്ധ്യയന വർഷത്തിൽ സർക്കാർ എയിഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ ചേർന്ന കുട്ടികളുടെ എണ്ണം, മുൻ വർഷങ്ങളെ അപേക്ഷിച്ച് കുറഞ്ഞിരിക്കുന്നതായി സർക്കാരിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) സർക്കാർ എയിഡഡ് സ്കൂളുകളുടെ പഠന നിലവാരം മെച്ചപ്പെടുത്തുമെന്ന് രക്ഷകർത്താക്കളെ ബോദ്ധ്യപ്പെടുത്തുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അതിനുള്ള എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഒന്നാം ക്ലാസ്സിൽ വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നതുമൂലം സംസ്ഥാനത്തെ വിദ്യാർത്ഥി അദ്ധ്യാപക അനുപാതത്തിൽ മാറ്റം വരുത്തേണ്ടിവരുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത അനുപാതം എത്രയായി പരിഷ്കരിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നടപ്പു അദ്ധ്യയന വർഷത്തെ കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ, കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടികളുടെ എണ്ണത്തിൽ ക്രമാനുഗതമായ കുറവുണ്ട്.

(ബി) ജനന നിരക്കിലുള്ള കുറവാണ് മുഖ്യമായ കാരണം.

(സി) ഉണ്ട്.

(ഡി)&(ഇ) പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly